**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4379** **18-03-2025 - ൽ മറുപടിയ്ക്ക്**

**മണ്ണാർക്കാട്ടെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മണ്ണാർക്കാട് മണ്ഡലത്തിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാൻ മണ്ണാർക്കാട്ടും, അഗളിയിലുമായി രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കുവാനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ; | (എ) | മണ്ണാർക്കാട് മണ്ഡലത്തിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാനും അട്ടപ്പാടി മേഖലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന പരമ്പരാഗേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി പ്രസരണം ചെയ്യുന്നതിനും ആയി അട്ടപ്പാടി ഗ്രീൻ കൊറിഡോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജിയുടെ (MNRE) സഹായത്താൽ നടപ്പാക്കുന്ന പദ്ധതിയിൽ മണ്ണാർക്കാട്, അഗളി എന്നീ സ്ഥലങ്ങളിൽ 220 കെ.വി. GIS സബ്സ്റ്റേഷനുകളും വെട്ടത്തൂർ മുതൽ മണ്ണാർക്കാട്, അഗളി വരെ 50 കി.മി. 220 കെ.വി ലൈനും ഉൾപ്പെടുന്നു. 220 കെ.വി. ലൈനിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാർ നൽകുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. സബ്സ്റ്റേഷനുകളുടെ ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ബി) | പ്രസ്തുത നിർദ്ദേശത്തിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | മണ്ണാർക്കാട് മണ്ഡലത്തിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാനും അട്ടപ്പാടി മേഖലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന പരമ്പരാഗേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി പ്രസരണം ചെയ്യുന്നതിനും ആയി അട്ടപ്പാടി ഗ്രീൻ കൊറിഡോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജിയുടെ (MNRE) സഹായത്താൽ നടപ്പാക്കുന്ന പദ്ധതിയിൽ മണ്ണാർക്കാട്, അഗളി എന്നീ സ്ഥലങ്ങളിൽ 220 കെ.വി. GIS സബ്സ്റ്റേഷനുകളും വെട്ടത്തൂർ മുതൽ മണ്ണാർക്കാട്, അഗളി വരെ 50 കി.മി. 220 കെ.വി ലൈനും ഉൾപ്പെടുന്നു. 220 കെ.വി. ലൈനിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാർ നൽകുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. സബ്സ്റ്റേഷനുകളുടെ ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ